**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5639** **03-11-2021 - ൽ മറുപടിയ്ക്ക്**

**അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ എത്ര ഒഴിവുകളുണ്ട് എന്ന് അറിയിക്കാമോ; | (എ) | 133 |
| (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഈ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (ബി) | അഭിമുഖം പൂർത്തിയാക്കിയിട്ടുണ്ട്. നിയമന ഉത്തരവുകൾ തയ്യാറാക്കുന്നു. |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അസിസ്റ്റന്റ് എഞ്ചിനീയർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കാനുള്ള ഉത്തരവ് നിലനിൽക്കുന്നുണ്ടോ; പ്രസ്തുത ഉത്തരവിലെ വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ; | (സി) | ഉണ്ട്. ദിവസവേതന/കരാർ ജീവനക്കാരുടെ വേതന വർദ്ധനവുമായി ബന്ധപ്പെട്ട ഏറ്റവും പുതിയ ഉത്തരവ് 11/02/2021 ലെ സ.ഉ(പി) നം. 29/2021/ധന ആണ്. എല്ലാ വർഷവും, സർക്കാരിനു അനിവാര്യമെന്ന് തോന്നുന്ന പക്ഷം മാറുന്ന വിലസൂചികയ്ക്കു അനുസരിച്ച് ഇവരുടെ വേതനം പുതുക്കി നിശ്ചയിക്കാറുണ്ട്. |
| (ഡി) | ഈ ഉത്തരവുകളിലെ നിബന്ധനകൾ പ്രകാരം നിയമിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് നിർവ്വഹണ ചുമതല ഏറ്റെടുക്കാൻ സാധിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ എന്ന് അറിയിക്കാമോ? | (ഡി) | കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് ഡി.ഡി.ഒ ചുമതല നൽകാൻ കഴിയാത്തതിനാൽ നിർവ്വഹണ ചുമതലയും നൽകാൻ കഴിയുകയില്ല. പദ്ധതികളുടെ രൂപീകരണവും മേൽനോട്ടവും മാത്രമേ ഇവർക്ക് നൽകാൻ കഴിയുകയുള്ളൂ. അത്തരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി നിർവ്വഹണചുമതല ബന്ധപ്പെട്ട സെക്രട്ടറിമാർക്കാണ്. |

സെക്ഷൻ ഓഫീസർ